**POLICE** **DEPARTMENT**

**KERALA**

**No. E3-80385/2022/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
✉spplkd.pol@kerala.gov.in
📞04912536700
തീയതി. 01-04-2025

**പുനർ ലേല പരസ്യം**

പാലക്കാട് ജില്ല. വടക്കന്തറ പോലീസ് ഹൗസിംഗ് കോംപ്ലക്സ്, കോമ്പൗണ്ട് മതിലിനോടു ചേർന്ന് നിൽക്കുന്ന **ഒരു മഴമരം, ഒരു അത്തിമരം** എന്നിവ മുറിച്ചുമാറ്റുന്നതിന് ബഹു അഡീഷണൽ ഡയറക്ടർ ജനറൽ (ലോ ആൻറ് ഓർഡർ) അവർകളുടെ ഉത്തരവ് നമ്പർ G-2212/2014/LO - Dated 05.09.2024 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത മരങ്ങൾ **09.04.2025** തിയ്യതി കാലത്ത് **11.00** മണിക്ക് പാലക്കാട് സബ് ഡിവിഷണൽ പോലീസ് ഓഫീസിൽ വെച്ച് പുനർലേലം ചെയ്തു വിൽക്കുന്നതിന് സീൽ ചെയ്ത ദർഘാസുകൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

**ലേല നിബന്ധനകൾ :-**

ലേലത്തിൽ പങ്കെടുക്കാൻ അഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ "അസിസ്റ്റൻറ് പോലീസ് സൂപ്രണ്ട്, സബ്ഡിവിഷണൽ പോലീസ് ഓഫീസ്, കുന്നത്തൂർമേട്, പാലക്കാട്" എന്ന മേൽ വിലാസത്തിൽ 09.04.2025 തിയ്യതി കാലത്ത് 11.00 മണിക്ക് മുമ്പ് കിട്ടത്തക്കവണ്ണം അയച്ചു തരേണ്ടതും. കൂടാതെ കവറിനു മുകളിൽ "പാലക്കാട് വടക്കന്തറ പോലീസ് ക്വാർട്ടേഴ്സ് വളപ്പിലെ മരങ്ങളുടെ ലേലം" എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. ദർഘാസുകൾ നൽകുന്നവർ ലേലസ്ഥലത്ത് കൃത്യസമയത്ത് ഹാജരാകേണ്ടതും. നിരതദ്രവ്യമായ 1000/- രൂപ (ആയിരം രൂപ) അടയ്ക്കേണ്ടതും. ലേലം കഴിഞ്ഞയുടനെ നിരതദ്രവ്യമായ 1000/ രൂപ (ലേലം കൊണ്ടയാളിൻറെ ഒഴികെ) തിരികെ നൽകുന്നതുമാണ്. 09.04.2025 തിയ്യതി കാലത്ത് 11.00 മണിക്ക് ദർഘാസുകൾ തുറക്കുന്നതും ഏതിലാണോ തുക കൂടുതൽ കാണുന്നത് ആ വ്യക്തിയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലതുകയുടെ പകുതി അപ്പോൾ തന്നെ അടയ്ക്കേണ്ടതും. ലേലം ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി അംഗീകരിച്ച ശേഷം ബാക്കി തുകയും, ലേലതുകയുടെ 18% GSTയും. ലേല തുകയും GSTയും ചേർന്ന തുകയുടെ 5% വനവികസന നികുതിയും അടയ്ക്കേണ്ടതുമാണ്. മരം മുറിച്ച് നീക്കം ചെയ്യുമ്പോൾ ആളുകൾക്കും, ഗവൺമെൻറ് വകയോ, അല്ലാത്തതോ ആയ സ്ഥാവര - ജംഗമ വസ്തുക്കൾക്കോ, അപകടമോ, കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും, അങ്ങിനെ സംഭവിച്ചാൽ ആയതിൻറെ പൂർണ്ണ ഉത്തരവാദിത്വം ലേലം കൊണ്ട വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായതിന് ശേഷം 10 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതാണ്. ലേലം ഉറപ്പിച്ചശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെൻറ് ഉത്തരവാദിയായിരിക്കില്ല. ലേലം മാറ്റി വയ്ക്കുന്നതിനും, നിർത്തിവയ്ക്കുന്നതിനുമുള്ള അധികാരം പാലക്കാട് ജില്ലാ പോലീസ് മേധാവിയിൽ 'നിക്ഷിപ്തമാണ്. ലേലവസ്തു ലേലതിയ്യതിക്ക് 5 ദിവസം മുമ്പുള്ള പ്രവർത്തി ദിവസങ്ങളിൽ 11.00 മണിമുതൽ 17.00 മണിവരെയുള്ള സമയത്ത് പാലക്കാട് അസ്സിസ്റ്റൻറ് സൂപ്രണ്ടിൻറ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

Ajit Kumar

അജിത് കുമാർ ഐ. പി. എസ്.
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | ബോർഡ് ചെയർമാന്റെയും എല്ലാ അംഗങ്ങളുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി. |
| പകർപ്പ് | : | 1. എല്ലാ യൂണിറ്റ് മേധാവിമാർക്കും അറിവിലേയ്ക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനായി അയക്കുന്നു 2. പാലക്കാട് ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫിസർ 3. ക്യാഷ്യർ. ഡി.പി.ഒ. പാലക്കാട് - ലേല തുക കൈപറ്റുന്നതിനും തുടർ ഉത്തരവ് വരെ സൂക്ഷിച്ചു വയ്ക്കുന്നതിനും. |